**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1026** **07-12-2022 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിലെ വയലട ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിലെ വയലട ടൂറിസം പദ്ധതിയുമായി ബന്ധിപ്പിക്കുന്ന വനം വകുപ്പിന്റെ അധീനതയിലുള്ള റോഡ്, ഗതാഗത യോഗ്യമല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കുമോ ; | (എ) | ബാലുശ്ശേരി മണ്ഡലത്തിലെ വയലട ടൂറിസം പദ്ധതിയുമായി ബന്ധിപ്പിക്കുന്ന വനം വകുപ്പിന്റെ അധീനതയിലുള്ള റോഡിൽ കൂടി നിലവിൽ വാഹനങ്ങൾ പോകുന്നുണ്ടെങ്കിലും റോഡിന് പുനരുദ്ധാരണ പ്രവൃത്തി ആവശ്യമാണെന്ന വസ്തുത ശ്രദ്ധിയൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കുന്നതിനായി പനങ്ങാട് ഗ്രാമപഞ്ചായത്തിന് അനുമതി നൽകിയിട്ടുണ്ടോ; | (ബി) | അനുമതി നൽകിയിട്ടില്ല. |
| (സി) | പനങ്ങാട് ഗ്രാമപഞ്ചായത്ത് ഇതിനായി നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (സി) | പനങ്ങാട് ഗ്രാമപഞ്ചായത്തിൽ നിന്നും ഇതുമായി ബന്ധപ്പെട്ട അപേക്ഷ ഇതുവരെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ